(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പുതുതായി സ്വാതന്ത്ര്യസമര സേനാനി പെൻഷൻ അനുവദിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) സ്വാതന്ത്ര്യസമര പെൻഷൻ അപേക്ഷകളിൻമേൽ കാലതാമസം ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് കർശന നിർദ്ദേശം നൽകുമോ;

(ഡി) കായംകുളം എം.എൽ.എ. മുഖേന സമർപ്പിച്ചിട്ടുള്ള സ്വാതന്ത്ര്യ സമര പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ എത്ര;

(ഇ) അതിൽ ആർക്കൊക്കെ പെൻഷൻ അനുവദിച്ചു; ഇനി അനുവദിക്കാനുള്ളത് ആർക്കെല്ലാം; വിശദവിവരം നൽകുമോ;

(എഫ്)ഇനി അനുവദിക്കാനുള്ള അപേക്ഷകൾക്ക് തീർപ്പുകൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം, കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലായി 74 പേർക്ക് പുതുതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി)&(സി)മതിയായ ആധികാരികരേഖകൾ സഹിതം നൽകുന്ന അപേക്ഷകളിൽ തീരുമാനം എടുക്കാൻ കാലതാമസം ഉണ്ടാകാറില്ല.

(ഡി) 12 അപേക്ഷകൾ

(ഇ) ഒരാൾക്ക് പെൻഷൻ അനുവദിച്ചു. ഇനി അനുവദിക്കുവാനുള്ളത് താഴെ പറയുന്നവർക്കാണ്.

ശ്രീ. കെ. കുഞ്ഞുപണിക്കർ

ശ്രീ. സി.കെ. രാമൻകുഞ്ഞ്

ശ്രീ. സി. കുമാരൻ

ശ്രീ. വി. കുഞ്ഞുമൊയ്തീൻകുഞ്ഞ്

ശ്രീ. കെ. കുട്ടപ്പൻ

(എഫ്) നടപടി സ്വീകരിക്കുന്നുണ്ട്.

പുതിയ ഡി.വൈ.എസ്.പി. ഓഫീസുകൾ

48 (83)ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി ഡി.വൈ.എസ്.പി. ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ വർക്കല കേന്ദ്രമാക്കി ആഫീസ് സ്ഥാപിക്കുന്നതിനുള്ള നിവേദനം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വർക്കലയിൽ ഡി.വൈ.എസ്.പി. ഓഫീസ് ഉടൻ ആരംഭിക്കുന്നതിന് ഉത്തരവു നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പോലീസ് സബ് ഡിവിഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും മറ്റുമായി പോലീസ് ഡയറക്ടർ ജനറലിൽ നിന്നും ലഭിച്ച നിർദ്ദേശം പരിശോധിച്ചു വരുന്നു. സബ് ഡിവിഷനുകളുടെ പുനഃസംഘടനയോടൊപ്പം മാത്രമേ ഇക്കാര്യം പരിശോധിക്കാൻ നിർവ്വാഹമുള്ളൂ.

പോലീസ് വകുപ്പിലെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി

49 (84)ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ആംഡ് പോലീസ് ബറ്റാലിയനിൽ എ.സി. മുതൽ ഡി.ബി. വരെയുള്ള തസ്തികകളിലേക്കുള്ള ഡിപ്പാർട്ടുമെന്റിന്റെ പ്രൊമോഷൻ കമ്മിറ്റി എന്നാണ് അവസാനമായി കൂടിയത്;

(ബി) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഡി.വൈ.എസ്.പി. മുതൽ എസ്.പി. വരെയുള്ള തസ്തികകളിലേക്കുള്ള ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ഈ സർക്കാർ വന്നതിനുശേഷം എത്ര തവണ കൂടിയിട്ടുണ്ട്;

(സി) ആംഡ് പോലീസ് ബറ്റാലിയനിൽ എ.സി. മുതൽ ഡി.ബി. വരെയുള്ള തസ്തികകളിലേക്കുള്ള ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ഇനി എന്നാണ് കൂടാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ആംഡ് പോലീസ് ബറ്റാലിയനിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടാൻ വൈകിയതുമൂലം എത്ര പേർക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാതെ റിട്ടയർ ചെയ്യാൻ ഇടവന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ എ.സി. തസ്തികയിലേക്ക് പ്രൊമോഷനുവേണ്ടിയുള്ള ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി അവസാനമായി 8.7.'99-ലും ഡി.സി. തസ്തികയിലേക്ക് 23.1.'91 ലുമാണ് കൂടിയിട്ടുള്ളത്;

(ബി) ഡി.വൈ.എസ്.പി. തസ്തികയിലേക്ക് അഞ്ച് പ്രാവശ്യവും, എസ്.പി. തസ്തികയിലേക്ക് നാല് പ്രാവശ്യവും ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടിയിട്ടുണ്ട്;

(സി) ഡി.സി. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുവേണ്ടിയുള്ള ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ഉടൻ കൂടാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. എ.സി. തസ്തികയിലേക്കുള്ള കമ്മിറ്റി 2000-മാണ്ടിൽ കൂടുന്നതാണ്.

(ഡി) ഒരാൾക്ക്.

LIBRARY ARCHIVES Kerala Legislative Assembly